06
2024
മാർച്ച്
ബുധൻ
കുംഭം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.147 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-147 | പേജ് 4. വില 2.00 രൂപ




02 തിരുവനന്തപുരത്തെ ഐടി നഗരമാക്കും: രാജീവ് ചന്ദ്രശേഖ

03 വേനൽക്കാല രോഗങ്ങൾക്കെതിരെ പ്രത്യേക ജാഗ്രത വേണം: മന്ത്രി

04 ഒറ്റ ക്ലിക്കിൽ ഉച്ചഭക്ഷണം അരികിൽ: കുടുംബശ്രീയുടെ 'ലഞ്ച് ബെല്ലി'ന് തുടക്കം

# തെരഞ്ഞെടുപ്പ് അടുത്തയാഴ്ച പ്രഖ്യാപിക്കും



തിരുവനന്തപുരം : 2024 ലോക്സഭാ തിരഞ്ഞെടുപ്പ് തീയതി മാർച്ച് രണ്ടാം വാരം പ്രഖ്യാപിച്ചേക്കും. മാർച്ച് പതിനാലിനോ പതിനഞ്ചിനോ തീയതി പ്രഖ്യാപിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. 2019 ലേതിന് സമാനമായി ഏഴ് ഘട്ടങ്ങളായായിരിക്കും വോട്ടെടുപ്പ്.

ആദ്യ ഘട്ടം ഏപ്രിൽ രണ്ടാം വാരമായിരിക്കുമെന്ന് ദേശീയ ന്യൂസ് ഏജൻസികൾ റിപ്പോർട്ട് ചെയ്തു. ഈ സാഹചര്യത്തിൽ മാർച്ച് 14 മുതൽ പെരുമാറ്റച്ചട്ടം നിലവിൽ വരും. അതുവരെയുള്ള തീയതികളിൽ പ്രധാനമന്ത്രിയുടെ ഔദ്യോഗിക പരിപാടികൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്.

ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാർക്ക് അയച്ച സർക്കുലറിൽ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ തീയതി 2024 ഏപ്രിൽ 16 ആണെന്ന് സൂചിപ്പിച്ചിരുന്നു. എന്നാലിത് തെരഞ്ഞെടുപ്പ് തീയതി അല്ലെന്നും തെരഞ്ഞെടുപ്പ് പ്ലാനിംഗിനും റഫറൻസിനും തയ്യാറാകുന്നതിനും വേണ്ടി നൽകിയ തീയതിയാണെന്ന് പിന്നീട് ചീഫ് ഇലക്ടറൽ ഓഫീസർ സർക്കുലറിലൂടെ വ്യക്തമാക്കി.

ഉദ്യോഗസ്ഥർക്ക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള 'റഫറൻസിനായി' മാത്രമാണ് തീയതി ഏപ്രിൽ 16 എന്ന് നൽകിയിരിക്കുന്നതെന്നും ചീഫ് ഇലക്ടറൽ ഓഫീസിന്റെ ഔദ്യോഗിക എക്സ് ഹാൻഡിൽ പങ്കുവച്ച പോസ്റ്റിൽ പറഞ്ഞു. ഈ തീയതിയിൽ വലിയ മാറ്റങ്ങൾക്ക് സാധ്യതയില്ലെന്നാണ് സൂചന.

195 പേരടങ്ങുന്ന പട്ടികയാണ് ബി ജെ പി പുറത്തുവിട്ടിട്ടുള്ളത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, അമിത് ഷാ, സ്മൃതി ഇറാനി മുൻ മുഖ്യമന്ത്രിമാരായ ബിപ്ലബ് കുമാർ ദേബ്, ശിവ്രാജ് സിങ് ചൗഹാൻ തുടങ്ങിയവർ ആദ്യ പട്ടികയിൽ ഉൾപ്പെട്ടു.

ഇന്ത്യ സഖ്യത്തിൽ സീറ്റ് വിഭജന ചർച്ചകൾ തുടരുകയാണ്. ബിജെപിയെ പോലെ തിരക്കുകൂട്ടാൻ തങ്ങളില്ലെന്നാണ് കോൺഗ്രസ് വിശദീകരണം. ഇൻഡ്യ മുന്നണിയിലെ സഖ്യകക്ഷിയായ ആം ആദ്മി പാർട്ടി ഉൾപ്പെടെ ഇതര പാർട്ടികൾ സ്ഥാനാർഥികളെ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇടതുപക്ഷം കേരള തമിഴ്നാട് സംസ്ഥാനങ്ങളിലെ സ്ഥാനാർഥി പട്ടിക നേരത്തെ തന്നെ പുറത്തിറക്കി.

ആദ്യഘട്ട പട്ടിക ഉടൻ പുറത്തുവിടാനാണ് കോൺഗ്രസ് നീക്കം. ഭൂരിഭാഗം സംസ്ഥാന ഘടകങ്ങളും ഇതിനകം ഹൈക്കമാൻഡിന് ആദ്യഘട്ട പട്ടിക കൈമാറിയിട്ടുണ്ട്. തർക്കങ്ങൾ ഇല്ലാത്തതും സിറ്റിങ് എം.പിമാർ മത്സരിക്കുന്നതുമായ മണ്ഡലങ്ങൾ ആദ്യം പ്രഖ്യാപിക്കും. മറ്റന്നാൾ നടക്കുന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി യോഗത്തിനുശേഷം പ്രഖ്യാപനമുണ്ടാകും. ആദ്യം 100 സ്ഥാനാർഥികളുടെ പട്ടികയാണ് പ്രതീക്ഷിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി വാരാണസിയിൽ നിന്ന് മാത്രമായിരിക്കും മത്സരിക്കുക. ഗാന്ധിനഗറിൽ നിന്നാണ് അമിത് ഷാ മത്സരിക്കുന്നത്. വാരാണസിയിൽ ഇത് മൂന്നാം തവണയാണ് നരേന്ദ്ര മോദി ജനവിധി തേടുന്നത്. 2019 ൽ വാരാണസിയിൽ മാത്രമാണ് മോദി മത്സരിച്ചിരുന്നത്. എന്നാൽ, ഇത്തവണ വാരണാസിക്ക് പുറമെ രണ്ടാമതൊരു സീറ്റിൽ കൂടി മത്സരിക്കുമെന്ന് അഭ്യൂഹങ്ങൾ ഉണ്ടായിരുന്നു. അഭ്യൂഹങ്ങളെ തെറ്റിച്ച് കൊണ്ടാണ് മോദി വാരാണസിയിൽ നിന്ന് മാത്രമായിരിക്കും മത്സരിക്കുക എന്ന പ്രഖ്യാപനം വന്നത്.

ലോക്സഭാ തെരഞ്ഞെടുപ്പിനൊപ്പം കേന്ദ്രഭരണപ്രദേശങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകൾ നടത്താനാകുമോ എന്നറിയാൻ കമ്മീഷൻ പ്രതിനിധികൾ മാർച്ച് 1213 തീയതികളിൽ ജമ്മു കശ്മീർ സന്ദർശിക്കുന്നുണ്ട്.

ആന്ധ്ര പ്രദേശ്, അരുണാചൽ പ്രദേശ്, ഒഡിഷ, സിക്കിം, ഹരിയാന, മഹാരാഷ്ട്ര ജാർഖണ്ഡ് സംസ്ഥാനങ്ങളിലും ഈ വർഷമാണ് തെരഞ്ഞെടുപ്പ്. ഇവയിൽ ആദ്യത്തെ നാല് സംസ്ഥാനങ്ങളിലും ലോക് സഭാ തിരഞ്ഞെടുപ്പിന് ഒപ്പമാവും.

## കർണാടകത്തിൽ ബോംബ് സ്ഫോടനം നടത്തും; മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്കും മന്ത്രിമാർക്കും ഭീഷണി സന്ദേശം

ബംഗളൂരു : കർണാടകത്തിൽ വിവിധ ഭാഗങ്ങളിൽ ബോംബ് സ്ഫോടനം നടത്തുമെന്ന് മുഖ്യമന്ത്രി സിദ്ധരാമയ്യക്കും മന്ത്രിസഭാംഗങ്ങൾക്കും ഇ മെയിലിലൂടെ ഭീഷണി. 20 കോടി രൂപ തന്നില്ലെങ്കിൽ സംസ്ഥാനത്താകെ സ്ഫോടനം നടത്തുമെന്നാണ് shahidkhan10786@protonmail.com" എന്ന ഇ മെയിൽനിന്നുവന്ന സന്ദേശത്തിൽ പറയുന്നത്. മാർച്ച് ഒന്നിന് ബംഗളൂരുവിലെ രാമേശ്വരം കഫേയിലുണ്ടായ സ്ഫോടനത്തിന് പിന്നാലെയാണിത്. മാർച്ച് രണ്ടിനാണ് ഇത്തരത്തിൽ സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി കെ ശിവകുമാർ, സംസ്ഥാന ആഭ്യന്തരമന്ത്രി, ബംഗളൂരുവിലെ മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് സന്ദേശം വന്നത്.

”ട്രെയ്ലർ എങ്ങനെയുണ്ടായിരുന്നു. 2.5 മില്യൻ യുഎസ് ഡോളർ നൽകിയില്ലെങ്കിൽ ബസുകൾ, ട്രെയിനുകൾ, ക്ഷേത്രങ്ങൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ വലിയ സ്ഫോടനങ്ങൾ ഞങ്ങൾ നടത്തും. ഒരു ട്രെയ്ലർകൂടി ഞങ്ങൾ നിങ്ങളെ കാണിക്കും. അടുത്ത സ്ഫോടനം അംബാരി ഉത്സവ് ബസിലാണ്.സംഭവത്തിൽ സൈബർ ക്രൈം പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു. രാമേശ്വരം കഫേയിലുണ്ടായ സ്ഫോടനത്തിൽ ഒമ്പതു പേർക്ക് പരിക്കേറ്റിരുന്നു.

## മുഖ്യ വിവരാവകാശ കമ്മീഷണറായി വി ഹരിനായർ ചുമതലയേറ്റു

മുഖ്യ വിവരാവകാശ കമ്മീഷണറായി വി ഹരിനായർ ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ സന്നിഹിതനായിരുന്നു. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, കെ ബി ഗണേഷ് കുമാർ, മേയർ ആര്യ രാജേന്ദ്രൻ, ആന്റണി രാജു എംഎൽ എ, ചീഫ് സെക്രട്ടറി ഡോ. വി വേണു, അഡീഷണൽ ചീഫ് സെക്രട്ടറി ജ്യോതിലാൽ, കെ.എസ്.സി.ബി.സി ചെയർമാൻ ജസ്റ്റിസ് ജി. ശശിധരൻ, കാപ്പ അഡ്വൈസറി ബോർഡ് ചെയർമാൻ എൻ. അനിൽ കുമാർ, ബാലാവകാശ കമ്മിഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ, ജഡ്ജിമാർ, ജനപ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

## ഡി. കെ. ശിവകുമാറിന് ആശ്വാസം; കള്ളപ്പണം വെളുപ്പിക്കൽ കേസ് സുപ്രീംകോടതി റദ്ദാക്കി

ന്യൂഡൽഹി: കോൺഗ്രസ് നേതാവും കർണാടക ഉപമുഖ്യമന്ത്രിയുമായ ഡി. കെ. ശിവകുമാറിനെതിരെ ഇഡി രജിസ്റ്റർ ചെയ്ത കള്ളപ്പണം വെളുപ്പിക്കൽ കേസ് സുപ്രീംകോടതി റദ്ദാക്കി.

## മോൻസൺ മാവുങ്കൽ കേസ്; ഓലപ്പാമ്പ് കണ്ടാൽ പേടിക്കില്ലെന്ന് കെ. സുധാകരൻ

തിരുവനന്തപുരം: ജനങ്ങളെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾക്കെതിരെ കോൺഗ്രസ് ശക്തമായ പ്രതിഷേധം തീർക്കുമ്പോൾ അതിൽ നിന്നെല്ലാം ഒളിച്ചോടി ജനശ്രദ്ധ തിരിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുന്നതെന്ന് കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ.

മോൻസൺ മാവുങ്കൽ പ്രതിയായ പുരാവസ്തു തട്ടിപ്പുകേസിൽ കൂട്ടുപ്രതിയാക്കി തൻറെ രാഷ്ട്രീയം ജീവിതം അവസാനിപ്പിക്കാമെന്നത് മുഖ്യമന്ത്രിയുടേയും സിപിഎമ്മിൻറേയും വെറും ദിവാസ്വപ്നമാണെന്നും സുധാകരൻ പറഞ്ഞു. ഓലപ്പാമ്പ് കാട്ടിയാൽ ഭയപ്പെടുന്ന ജന്മമല്ല തൻറേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓർത്താൽ നല്ലതാണെന്നും അദ്ദേഹം പറഞ്ഞു.

## മസാല ബോണ്ട് കേസ്; തോമസ് ഐസക്കിന് വീണ്ടും ഇഡി നോട്ടീസ്

കൊച്ചി: മസാല ബോണ്ട് കേസിലെ മുഴുവൻ രേഖകളുമായി ചോദ്യം ചെയ്യലിന് ഹാജരാകണമെന്ന് ആവശ്യപ്പെട്ട് മുൻ ധനമന്ത്രി തോമസ് ഐസക്കിന് വീണ്ടും എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് നോട്ടീസ് നൽകി.

12 ന് ഹാജരാകാനാണ് ഇഡി നിർദ്ദേശം നൽകിയിരിക്കുന്നത്. എന്നാൽ ഇഡി തനിക്ക് തുടർച്ചയായി സമൻസ് അയക്കുകയാണെന്നും കേസിൻറെ പിന്നിൽ രാഷ്ട്രീയ താത്പര്യമുണ്ടെന്നുമാണ് തോമസ് ഐസക്കിൻറെ വാദം.

ബന്ധുക്കളുടെ അടക്കം പത്തു വർഷത്തെ മുഴുവൻ സാമ്പത്തിക ഇടപാടിൻറെ രേഖകൾ ഹാജരാക്കണമെന്നും ഇഡിയുടെ സമൻസിൽ അവശ്യപ്പെട്ടിട്ടുണ്ടെന്നും തോമസ് ഐസക്ക് പറഞ്ഞു. ഇതെല്ലാം ചോദ്യം ചെയ്ത് തോമസ് ഐസക്ക് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്.

## കക്കയത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ കർഷകന് ദാരുണാന്ത്യം

കോഴിക്കോട് : കക്കയത്ത് കാട്ടുപോത്തിന്റെ ആക്രമണത്തിൽ കർഷകന് ദാരുണാന്ത്യം. പാലാട്ട് ഏബ്രഹാം (70) ആണ് കാട്ടുപോത്തിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഇന്ന് ഉച്ചയ്ക്കുശേഷം രണ്ട് മണിയോടെയാണ് സംഭവം. കക്കയം ടൗണിൽനിന്ന് അഞ്ച് കിലോമീറ്റർ അകലെ കക്കയം ഡാം സൈറ്റ് റോഡിനു സമീപത്തെ കൃഷിയിടത്തിൽ വച്ചാണ് കാട്ടുപോത്ത് ഏബ്രഹാമിനെ കുത്തിയത്. കാട്ടുപോത്തിന്റെ കൊമ്പ് ഏബ്രഹാമിന്റെ കക്ഷത്തിൽ ആഴത്തിലിറങ്ങി. തെയ്യാമ്മയാണ് ഏബ്രഹാമിന്റെ ഭാര്യ. മക്കൾ: ജോമോൻ, ജോബിഷ്, ജിൻസി.

അതേസമയം, കാട്ടുപോത്തിന്റെ ആക്രമണത്തിൽ കർഷകൻ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് നാളെ കൂരാച്ചുണ്ട് പഞ്ചായത്തിൽ എൽഡിഎഫും യുഡിഎഫും ഹർത്താൽ പ്രഖ്യാപിച്ചു.

ഗുരുതരമായി പരുക്കേറ്റ ഏബ്രഹാമിനെ കൂരാച്ചുണ്ടിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും വിദഗ്ധ ചികിത്സയ്ക്കായി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. കുത്തേറ്റ് കിടന്ന ഏബ്രഹാമിനെ ഒരു മണിക്കൂറോളം സമയം കഴിഞ്ഞാണ് കണ്ടത്. അപ്പോഴേയ്ക്കും ധാരാളം രക്തം വാർന്നുപോയിരുന്നു. മെഡിക്കൽ കോളജിൽ എത്തിയപ്പോഴേക്കും മരണം സംഭവിച്ചു എന്നാണ് വിവരം.

അതിനിടെ, ഏബ്രഹാമിന്റെ മൃതദേഹം മോർച്ചറിയിലേക്കു മാറ്റാനായി പുറപ്പെട്ട ആംബുലൻസ് ജനങ്ങൾ തടഞ്ഞു. അക്രമകാരിയായ കാട്ടുപോത്തിനെ വെടിവച്ചു കൊല്ലാൻ കലക്ടർ ഉത്തരവിടണമെന്ന് ആവശ്യപ്പെട്ടാണ് ആംബുലൻസ് തടഞ്ഞത്. കോഴിക്കോട് ഡിസിസി പ്രസിഡന്റ് പ്രവീൺ കുമാറിന്റെ നേതൃത്വത്തിലും പ്രതിഷേധം ഉയർന്നു.

കാട്ടുപോത്തിനെ വെടിവച്ച് കൊല്ലാൻ ഉത്തരവിറക്കുമെന്ന് കമ്മിഷണർ ഉറപ്പ് നൽകിയതിനെത്തുടർന്നാണ് പ്രതിഷേധം അവസാനിപ്പിച്ചത്. കുടുംബത്തിൽ ഒരാൾക്ക് ജോലി, 50 ലക്ഷം നഷ്ടപരിഹാരം എന്നീ ആവശ്യങ്ങളും പ്രതിഷേധക്കാർ ഉയർത്തി. കാട്ടുപോത്തിനെ വെടിവച്ച് കൊല്ലാൻ കലക്ടർ ഉടൻ ഉത്തരവിടുമെന്ന് കമ്മിഷണർ വ്യക്തമാക്കി.

മൂന്ന് ദിവസമായി കാട്ടുപോത്തുകൾ കക്കയത്തും പരിസരത്തുമായി ചുറ്റിത്തിരിയുന്നുണ്ടായിരുന്നു. ഇന്നലെ പുലർച്ചെ ചാലിടം അങ്ങാടിയിലും കാട്ടുപോത്തിനെ കണ്ടു. രാവിലെ ഏഴുമണിയോടെ പ്രദേശവാസിയുടെ വീട്ടുമുറ്റത്തും കാട്ടുപോത്ത് എത്തി. കാട്ടുപോത്ത് ഇറങ്ങിയതോടെ കല്ലാനോട് തോണിക്കടവ്, കരിയാത്തുംപാറ ടൂറിസ്റ്റ് കേന്ദ്രങ്ങൾ അടച്ചിട്ടു.

കാട്ടുപോത്തുകളെ നിരീക്ഷിക്കാൻ വനപാലക സംഘം പട്രോളിങ് നടത്തിയിരുന്നു. കക്കയം വനമേഖലയിൽനിന്ന് പെരുവണ്ണാമൂഴി റിസർവോയർ നീന്തിക്കയറിയാണു കാട്ടുപോത്ത് ജനവാസ കേന്ദ്രത്തിൽ എത്തിയത്. ഏതാനും ആഴ്ചകൾക്കു മുമ്പ് കക്കയം ഡാം സന്ദർശിക്കാനെത്തിയ വിനോദ സഞ്ചാരികൾക്കും കാട്ടുപോത്തിന്റെ ആക്രമണത്തിൽ പരുക്കേറ്റിരുന്നു. വനാതിർത്തി പ്രദേശങ്ങളിൽ വന്യമൃഗ ആക്രമണം അതിരൂക്ഷമായിത്തുടരുകയാണ്. ഇന്നലെ കോതമംഗലത്ത് സ്ത്രീയെ കാട്ടാന ചവിട്ടിക്കൊന്നിരുന്നു. ഇതിനു പിന്നാലെയാണ് വന്യമൃഗ ആക്രമണത്തിൽ ഒരാൾ കൂടി കൊല്ലപ്പെട്ടത്.


## വിദ്യാധരൻ മാസ്റ്ററുടെ ജന്മദിനം മാർച്ച് ആറിനാണ്

# മാസ്റ്റർ കംപോസർ

**മുഖ്യധാരയിൽ നിന്നും പാടെ അപ്രത്യക്ഷനായ ഗായകൻ, സന്നിധാനത്തെത്തി തിരികെ എത്തിച്ചത് സംഗീതസംവിധായകൻ ഗോപിസുന്ദർ**

**മോഹൻ ശ്രീശൈലം**

തൃശ്ശൂർ ജില്ലയിലെ ആറാട്ടുപുഴയിൽ മംഗളാലയത്തിൽ ശങ്കരന്റെയും, തങ്കമ്മയുടെയും ഏഴു മക്കളിൽ മൂത്തവനായി ജനിച്ച വിദ്യാധരൻ എന്ന വിദ്യാധരൻ മാസ്റ്ററുടെ സംഗീതത്തിലെ ആദ്യഗുരു കൊച്ചക്കനാശാൻ എന്ന വിദ്യാധരന്റെ മുത്തച്ഛൻ തന്നെയായിരുന്നു. പിന്നീട്, ഇരിങ്ങാലക്കുട ഗോവിന്ദൻകുട്ടി പണിക്കർ, ആർ. വൈദ്യനാഥ ഭാഗവതർ, ശങ്കരനാരായണ ഭാഗവതർ എന്നിവരുടെ കീഴിലും സംഗീതം അഭ്യസിച്ചു. എട്ടാം ക്ലാസ് വിദ്യഭ്യാസവും കഴിഞ്ഞ് സിനിമയിൽ പാടാനുള്ള മോഹവുമായി ബന്ധുവും ഗായകനായ തൃശ്ശൂർ വേണുഗോപാലിനോടൊപ്പം മദ്രാസിലേക്ക് വീട്ടിലറിയാതെ വണ്ടികയറി.



1965ൽ പുറത്തിറങ്ങിയ ഓടയിൽ നിന്ന് എന്ന ചിത്രത്തിലെ 'ഓ റിക്ഷാവാല' എന്ന പാട്ടിൽ മെഹ്ബൂബിനൊപ്പം കോറസ് പാടാൻ ആദ്യമായി അവസരം ലഭിച്ചു. എന്നാൽ, ബലിയാടുകൾ എന്ന നാടകത്തിൽ 'മോഹങ്ങൾ ഞെട്ടറ്റുവീഴുന്ന ഊഷ്മളഭൂമി' എന്ന ഗാനം ചിട്ടപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം ആദ്യമായി സംഗീതസംവിധായകനാവുന്നത്. 1984ൽ ശ്രീമൂലനഗരം വിജയന്റെ എന്റെ ഗ്രാമം എന്ന ചലച്ചിത്രത്തിലൂടെ സിനിമയിലും സംഗീത സംവിധായകായി അരങ്ങേറ്റം കുറിച്ചു. ഈ സിനിമയിലെ 4 ഗാനങ്ങളും വിദ്യാധരന് മാസ്റ്റർ തന്നെയാണ് ചിട്ടപ്പെടുത്തിയത്. ആദ്യചിത്രത്തിലെ എല്ലാ ഗാനങ്ങളും അന്ന് വൻ ഹിറ്റുകളായിരുന്നു. അതിൽ ഏറെ ശ്രദ്ധിക്കപ്പെട്ട 'കൽപ്പാന്ത കാലത്തോളം കാതരേ നീയെൻ മുന്നിൽ' എന്ന ഗാനം മാസ്റ്ററെ സിനിമാമേഖലയിൽ പെട്ടെന്ന് തന്നെ ശ്രദ്ധേയനാക്കി. പിന്നീട് നിരവധി സിനിമകളിൽ സംഗീതസംവിധാനം നിർവഹിച്ചു. എന്റെഗ്രാമം, ഭൂതക്കണ്ണാടി, കഥാവശേഷൻ എന്ന ചിത്രങ്ങളിൽ ചെറിയ കഥാപാത്രങ്ങളെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2004ൽ കേരള സംഗീത നാടക അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്. 2017ൽ ഓൾ കേരള മാപ്പിള സംഗീത അക്കാദമി ഏർപ്പെടുത്തിയ ജി. ദേവരാജൻ മാസ്റ്റർ അവാർഡ്, മുംബൈയിലെ സാംസ്കാരിക സംഘടനയായ കേളി ഏർപ്പെടുത്തിയ സുധാംശു പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.





തിരുവനന്തപുരം നഗരസഭയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# കരിങ്ങാലിച്ചാൽ പുഞ്ചയിൽ 72 ഇനം ദേശാടനപ്പക്ഷികൾ

ചാരുംമൂട്: സംസ്ഥാനത്തെ പക്ഷിഗ്രാമമെന്നറിയപ്പെടുന്ന പ്രകൃതി രമണീയമായ നൂറനാട് കരിങ്ങാലിച്ചാൽ പുഞ്ചയിൽ നടത്തിയ സർവേയിൽ 72 ഇനത്തിൽപ്പെട്ട ദേശാടനപ്പക്ഷികളെ കണ്ടെത്തി. പാലമേൽ നൂറനാട് പഞ്ചായത്തുകളിലായി ഈ മാസം നടത്തിയ പക്ഷി സർവേയിലാണ് ഇത്രയധികം പക്ഷികളെ കണ്ടെത്തിയത്.

ഏറ്റവും കൂടുതലായി കണ്ടത് നീർക്കാക്കകളെയാണ്. മുന്നൂറിൽപരം പക്ഷികൾ ഇവിടെങ്ങളിലായി ഉണ്ടായിരുന്നു. കരിയാള എന്ന പക്ഷികൾ 129 എണ്ണത്തെ കണ്ടെത്തി. ദേശാടനപ്പക്ഷികളായ പുള്ളിക്കാടക്കൊക്ക്, കരിമ്പൻ കാടക്കൊക്ക്, കുരുവി, മണലൂതി, മഞ്ഞവാലുകുലുക്കി എന്നിവയുടെ വലിയ കൂട്ടത്തെയും സർവേയിൽ കണ്ടെത്തി. പെരുമുണ്ടി, ഇടമുണ്ടി, ചിന്നമുണ്ടി, കാലിമുണ്ടി എന്നീ നാലുജാതി മുണ്ടികളെയും നിരീക്ഷിച്ചു.

വെള്ളക്കറുപ്പൻ പരുന്ത്, പാതിരാ ക്കൊക്ക്, ചേരക്കോഴികളുടെ ഒരു സംഘം, താമരക്കോഴി, നീലക്കോഴി, പുള്ളി പൊന്മാൻ, കാക്ക പൊന്മാൻ, പൊന്മാൻ, ചെറിയ പൊന്മാൻ തുടങ്ങിയ പക്ഷികളെയും കരിങ്ങാലിച്ചാൽ പുഞ്ചയിലെ വിവിധ പ്രദേശങ്ങളിൽനിന്നായി കണ്ടെത്തി. ഏകദിന നിരീക്ഷണത്തിൽ മാത്രം 1670 പക്ഷികളെയാണ് കണ്ടെത്തിയത്. തുടർ പഠനം ജൂൺ മാസത്തിൽ നടത്തും. ഒരു വർഷം നീണ്ടുനിൽക്കുന്ന പക്ഷിസർവേ ഫലം 2025 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കും.

പക്ഷി ഗ്രാമമെന്ന പേരിൽ പ്രസിദ്ധമായ നൂറനാട്ട് പക്ഷി സർവേ നടത്തുന്നത് ഇതാദ്യമാണ്. 1987ൽ പക്ഷിക്കൂടുകളുടെ സർവേ നടത്തിയിരുന്നു. 2500 കൂടുകളാണ് നീർപ്പക്ഷികളുടേതായി അന്നുണ്ടായിരുന്നത്. ടെലിഫോട്ടോ ലെൻസുകളിൽ പക്ഷി ചിത്രങ്ങളെടുത്തത് പക്ഷികളെ വ്യക്തമായി തിരിച്ചറിയുന്നതിന് സഹായകരമായി.

ഗ്രാമശ്രീ പ്രകൃതി സംരക്ഷണസമിതിയുടെ നേതൃത്വത്തിൽ നടത്തിയ സർവേയ്ക്ക് തിരുവനന്തപുരം സ്വദേശിയും പക്ഷിനിരീക്ഷകനുമായ അരുൺ സി.ജി നേതൃത്വം നൽകി. എം.എ. ലത്തീഫ്, ഫൈറോസ് ബീഗം, സുമേഷ് വെള്ളറട, ദേവപ്രിയ, ഗൗരി മുരുക്കുംപുഴ, അഞ്ജു കുമാരപുരം, ഗ്രാമശ്രീ പ്രസിഡൻറ് സി. റഹിം, ജെ. ഹാഷിം, യമുന ഹരീഷ്, ജെ. ഹരീഷ് കുമാർ, നൂറനാട് അജയൻ, രേഖ എസ്. താങ്കൾ, അമൽ റഹിം എന്നിവർ പങ്കെടുത്തു.

# വേനൽക്കാല രോഗങ്ങൾക്കെതിരെ പ്രത്യേക ജാഗ്രത വേണം: മന്ത്രി വീണാ ജോർജ്

വേനൽക്കാല രോഗങ്ങൾക്കെതിരെ പ്രത്യേക ജാഗ്രത വേണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പകർച്ചപ്പനികൾ, ഇൻഫ്‌ലുവൻസ, സൂര്യാതപം, വയറിളക്ക രോഗങ്ങൾ, ചിക്കൻപോക്സ്, ഭക്ഷ്യവിഷബാധ, ഹെപ്പറ്റൈറ്റിസ് എ, ടൈഫോയിഡ് ഉൾപ്പെടെയുള്ളവ ശ്രദ്ധിക്കണം. ഡെങ്കിപ്പനിയ്ക്കെതിരെ നിതാന്ത ജാഗ്രതയുണ്ടാകണം. എലിപ്പനിയും മഞ്ഞപ്പിത്തവും പ്രത്യേകം ശ്രദ്ധിക്കണം. എറണാകുളം, തിരുവനന്തപുരം, പാലക്കാട്, കൊല്ലം ജില്ലകളിൽ ഡെങ്കിപ്പനി കേസുകൾ വർധിക്കുന്നതായി കാണുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണം. ഡെങ്കി ഹോട്ട് സ്പോട്ടുകൾ പ്രസിദ്ധീകരിക്കാൻ നിർദേശം നൽകി. മഴയുണ്ടായാൽ ഡെങ്കിപ്പനി കേസുകൾ വർധിക്കാൻ സാധ്യതയുള്ളതിനാൽ മഴക്കാല പൂർവ ശുചീകരണം കൃത്യമായി നടത്തണമെന്നും മന്ത്രി പറഞ്ഞു. വേനൽക്കാല രോഗങ്ങളുടെ പൊതു സ്ഥിതി വിലയിരുത്തുന്നതിന് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കുട്ടികളിൽ പൊതുവേ പനിയും ചുമയും തുടങ്ങി ഇൻഫ്ളുവൻസയും കാണുന്നുണ്ട്. രോഗം ബാധിച്ചാൽ എത്രയും വേഗം ചികിത്സ ലഭ്യമാക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാവൂ. ശുദ്ധമായ ജലം കൊണ്ടുണ്ടാക്കിയ ഐസ് മാത്രമേ ഉപയോഗിക്കാവൂ. ചൂടുകൂടിയ സാഹചര്യമായതിനാൽ ഭക്ഷണം വേഗം കേടാകാൻ സാധ്യതയുണ്ട്. ഇതും ശ്രദ്ധിക്കണം. ഉത്സവങ്ങളോടനുബന്ധിച്ച് ഭക്ഷണം വിതരണം നടത്തുന്നവരും ശീതള പാനീയങ്ങൾ, ഐസ്ക്രീം തുടങ്ങിയവ വിതരണം നടത്തുന്നവരും ശ്രദ്ധിക്കണം.

വാട്ടർ തീം പാർക്കുകളിൽ പകർച്ചവ്യാധികളുണ്ടാകാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം. ചൂട് കാലമായതിനാൽ നിർജലീകരണം പെട്ടന്നുണ്ടാകാൻ സാധ്യതയുള്ളതിനാൽ ധാരാളം വെള്ളം കുടിക്കണം. ദാഹം തോന്നിയില്ലെങ്കിലും വെള്ളം ഇടയ്ക്കിടയ്ക്ക് കുടിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക. വെള്ളവും ഭക്ഷണവും മൂടിവയ്ക്കണം. സുരക്ഷിതമല്ലാത്ത വെള്ളവും ഭക്ഷണവും കഴിക്കരുത്.

വേനൽക്കാല രോഗങ്ങളുടെ പ്രതിരോധത്തിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനകൾ ശക്തമാക്കി കർശന നടപടി സ്വീകരിക്കാൻ നിർദേശം നൽകി. ജ്യൂസ് കടകളിൽ ഉപയോഗിക്കുന്ന ഐസ് പ്രത്യേകം പരിശോധിക്കും. ഹെപ്പറ്റൈറ്റിസ് എ കേസുകളുടെ പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് ശക്തമായ ഇടപെടൽ നടത്തി വരുന്നു. കൃത്യമായ നിരീക്ഷണം നടത്താൻ നിർദേശം നൽകി. മലപ്പുറം പോത്തുകല്ലിലെ ഹെപ്പറ്റൈറ്റിസ് എ കേസുകൾ പ്രത്യേകം ചർച്ച ചെയ്തു.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവെലൻസ് ഓഫീസർമാർ, മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ഫയൽ അദാലത്ത്

കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിലിൽ തീർപ്പു കൽപ്പിക്കാതെ ശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് ഫയൽ അദാലത്ത് നടത്തും. മാർച്ച് 11ന് രാവിലെ 10ന് ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. പുതിയ രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് തെറ്റായോ മതിയായ രേഖകളില്ലാതെയോ സമർപ്പിച്ചിരുന്ന അപേക്ഷകൾ ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ തീർപ്പാക്കി നൽകും.

## നെല്ലുവില 15 ദിവസത്തിനുള്ളിൽ: മന്ത്രി ജി.ആർ. അനിൽ

മങ്കൊമ്പ്: നെല്ലുവില കിട്ടുന്നതിൽ ആശങ്കയിൽ കഴിഞ്ഞിരുന്ന കർഷകർക്ക് ആശ്വാസമായി മന്ത്രിയുടെ പ്രഖ്യാപനം. സംഭരിച്ച് പതിനഞ്ചു ദിവസത്തിനുള്ളിൽ പണം കർഷകന് ലഭ്യമാക്കാനുള്ള സംവിധാനം സർക്കാർ തയാറാക്കിയതായി മന്ത്രി ജി.ആർ അനിൽ പറഞ്ഞു. ചിത്തിര കായലിലെ പുഞ്ചകൃഷി വിളവെടുപ്പ് ഉദ്ഘാടനത്തിനെത്തിയപ്പോഴാണ് മന്ത്രിയുടെ പ്രഖ്യാപനം.

കർഷകർക്കു നെല്ലുവില ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരമാവധി ലഘൂകരിക്കാനുള്ള കാര്യങ്ങൾ പൂർത്തിയായി വരികയാണ്. കർഷകരുടെ ആവലാതികളും ആശങ്കകളും എന്തെന്നറിഞ്ഞു പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും. 475 ഏക്കറിൽ കൃഷിയിറക്കിയിരുന്ന ചിത്തിര കായലിലെ വിളവെടുപ്പുദ്ഘാടനം മന്ത്രി നിർവഹിച്ചു. ഉമ ഇനം നെൽ വിത്താണ് ഇവിടെ വിതച്ചത്.

## സിദ്ധാർഥിൻറെ കൊ ലപാതകം; എസ്എഫ്ഐയെ നിരോധിക്കണം: പി. ജർമിയാസ്

ചവറ : വെറ്ററിനറി സർവകലാശാല വിദ്യാർഥി സിദ്ധാർഥിൻറെ ദാരുണമായ കൊലപാതകത്തിന് ഇടയാക്കിയ എസ്എഫ്ഐയെ ഭീകര സംഘടനയായി മുദ്രകുത്തി നിരോധിക്കണമെന്ന് കെപിസിസി സെക്രട്ടറി അഡ്വ. പി ജർമിയാസ് പറഞ്ഞു.ചവറ നിയോജകമണ്ഡലം യുഡിഎഫ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സിദ്ധാർഥിൻറെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ചവറ ജംഗ്ഷനിൽ സംഘടിപ്പിച്ച മെഴുകുതിരി കൊളുത്തി പ്രതിഷേധ ജ്വാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ജർമിയാസ് .

യുഡിഎഫ് ചവറ നിയോജകമണ്ഡലം ചെയർമാൻ കോലത്ത് വേണുഗോപാൽ അധ്യക്ഷനായി . ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. സി.പി .സുധീഷ് കുമാർ, ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സന്തോഷ് തുപ്പാശേരി, ഡിസിസി ജനറൽ സെക്രട്ടറി ചക്കനാൽ സനൽകുമാർ, ജസ്റ്റിൻ ജോൺ, മേച്ചേഴത്ത് ഗിരീഷ്, മാമൂലയിൽ സേതുകുട്ടൻ, അരുൺരാജ്, അഡ്വ. ഷേണാജി, ബാബു ജി .പട്ടത്താനം, എസ് എഫ് യേശുദാസ്, ഷംല നൗഷാദ്, അനന്തൻ പന്മന എന്നിവർ പ്രസംഗിച്ചു.

## കെ റൈസ് ഉടനെത്തും

അയൽ സംസ്ഥാനങ്ങളിലെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ന്യായവിലക്ക് അരി വാങ്ങി സപ്ലൈകോ വഴി കെറൈസ് എന്ന പേരിൽ വിപണിയിലെത്തിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് മന്ത്രി പറഞ്ഞു.

താമസിയാതെ ഇത് യാഥാർത്ഥ്യമാകും. സപ്ലൈകോ വഴി എല്ലാ കാർഡ് ഉടമകൾക്കും പത്തു കിലോ വീതമുള്ള രണ്ടു പായ്ക്കറ്റ് അരി വാങ്ങുന്നതിനുള്ള സൗകര്യം നിലവിലുണ്ടായിരുന്നു. കേന്ദ്ര നിലപാടുകൾ മൂലം എഫ്സിഐയിൽനിന്ന് അരി വേഗത്തിലെടുക്കാനാവാത്ത സാഹചര്യം ഇന്നുണ്ട്. ഇതിന് ബദൽ സംവിധാനമൊരുക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണെന്നും മന്ത്രി പറഞ്ഞു. തോമസ് കെ. തോമസ് എംഎൽഎ, ജില്ലാ കളക്ടർ ജോൺ വി. സാമുവൽ, കൈനകരി ഗ്രാപഞ്ചായത്ത് പ്രസിഡൻറ് എം.സി. പ്രസദ്, പാടശേഖരസമിതി പ്രസിഡൻറ് ജോസഫ് ചാക്കോ, സെക്രട്ടറി വി. മോഹൻദാസ്, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ എസ്. അനിൽകുമാർ തുടങ്ങിയവരും പങ്കെടുത്തു.

## ദമാസ്കസിൽ ഇസ്രയേൽ ആക്രമണം; രണ്ട് ഹിസ്ബുള്ള അംഗങ്ങൾ കൊല്ലപ്പെട്ടു

ടെൽ അവീവ്: ദമാസ്കസിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ രണ്ട് ഹിസ്ബുള്ള അംഗങ്ങൾ കൊല്ലപ്പെട്ടു. ഇസ്രായേൽ അധിനിവേശ സിറിയയിലെ ഗോലാൻ ദിശയിൽ നിന്ന് ഗ്രാമപ്രദേശങ്ങളിലെ നിരവധി കേന്ദ്രങ്ങൾ ലക്ഷ്യമാക്കി വ്യോമാക്രമണം നടത്തിയെന്ന് സിറിയൻ പ്രതിരോധ മന്ത്രാലയം അറിയിച്ചു.

സിറിയൻ തലസ്ഥാനത്ത് ആംബുലൻസുകളുടെ സൈറണുകളും സ്ഫോടനങ്ങളും കേട്ടതായി ഒരു എഎഫ്പി ലേഖകൻ അറിയിച്ചു. ഇസ്രായേലി ആക്രമണത്തിൽ രണ്ട് സിറിയൻ അനുകൂല ഹിസ്ബുള്ള പോരാളികൾ കൊല്ലപ്പെട്ടുവെന്ന് സിറിയൻ ഒബ്സർവേറ്ററി ഫോർ ഹ്യൂമൻ റൈറ്റ്സ് വാർ മോണിറ്റർ പറഞ്ഞു.

ആക്രമണത്തെക്കുറിച്ച് ചോദിച്ചപ്പോൾ വിദേശ മാധ്യമങ്ങളിലെ റിപ്പോർട്ടുകളെക്കുറിച്ച് ഞങ്ങൾ അഭിപ്രായം പറയുന്നില്ലെന്ന് ഇസ്രയേൽ സൈന്യം എഎഫ്പിയോട് പറഞ്ഞു. 2011ൽ സിറിയയിൽ ആഭ്യന്തരയുദ്ധം ആരംഭിച്ചതുമുതൽ, ഇസ്രായേൽ തങ്ങളുടെ വടക്കൻ അയൽരാജ്യത്തിനെതിരെ നൂറുകണക്കിന് വ്യോമാക്രമണങ്ങൾ നടത്തിയിട്ടുണ്ട്. ഇസ്രയേലും പലസ്തീൻ ഗ്രൂപ്പായ ഹമാസും തമ്മിൽ ഏകദേശം അഞ്ച് മാസത്തോളം നീണ്ടുനിൽക്കുന്ന യുദ്ധത്തിനിടെയാണ് ആക്രമണങ്ങൾ പെരുകിയത്.

## യുകെയിൽ ജോലി വാഗ്ദാനം: യുവതിയുടെ 10. 58 ലക്ഷം തട്ടിയെടുത്തതായി പരാതി

കൊച്ചി: യുകെയിൽ ജോലി വാഗ്ദാനം ചെയ്ത് തൃശൂർ സ്വദേശിനിയുടെ പക്കൽനിന്ന് 10, 58,000 രൂപ തട്ടിയെടുത്തയായി പരാതി. എറണാകുളം രവിപുരത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെയാണ് എറണാകുളം സൗത്ത് പോലീസിൽ യുവതി പരാതി നൽകിയത്.

സംഭവത്തിൽ കോട്ടയം ആർപ്പൂക്കര സ്വദേശി അരുൺ (40), കർണാടക സ്വദേശികളായ നിഥിൻ (44), നിഥിന തോമസ് (32) എന്നിവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു.

യുകെയിൽ കെയർ അസിസ്റ്റൻറ് ജോലിക്കായി വിസ വാഗ്ദാനം ചെയ്താണ് പ്രതികൾ യുവതിയെ തട്ടിപ്പിനിരയാക്കിയത്. മൂന്ന് ലക്ഷം രൂപ ബാങ്ക് അക്കൗണ്ട് മുഖേനയും ഏഴ് ലക്ഷം രൂപ പണമായി കൈവശവും 58,000 രൂപ ഗൂഗിൾ പേ വഴിയുമാണ് കൈമാറിയത്. തുടർന്ന് പ്രതികൾ സ്പോൺസർഷിപ്പ് സർട്ടിഫിക്കറ്റ് വ്യാജമായി നിർമിച്ച് യുവതിക്ക് കൈമാറി. ഇതോടെ യുവതിക്ക് യാത്രാ വിലക്കും നേരിടേണ്ടിവന്നു. പണം നഷ്ടമായതോടെയാണ് യുവതി പോലീസിനെ സമീപിച്ചത്.

## ഗൾഫിൽനിന്നു വന്നതിനു പിറ്റേന്ന് യുവാവ് ബൈക്കപകടത്തിൽ മരിച്ചു

ഹരിപ്പാട്: ഗൾഫിൽനിന്നും നാട്ടിലെത്തിയതിൻറെ പിറ്റേന്ന് യുവാവ് ബൈക്കപകടത്തിൽ മരിച്ചു. പള്ളിപ്പാട് നടുവട്ടം ഹരി ഭവനത്തിൽ സോമശേഖരൻപിള്ള ഗീതാ ദമ്പതികളുടെ മകൻ കെ.എസ്. ഉണ്ണികൃഷ്ണൻ (29) ആണ് മരിച്ചത്. ഞായർ രാത്രി 9.30 ഓടെ നടുവട്ടം വലിയവീട്ടിൽ വിഷ്ണു ക്ഷേത്രത്തിൻറെ മുൻഭാഗത്ത് റോഡിലാണ് അപകടമുണ്ടായത്. ഉണ്ണികൃഷ്ണൻ സഞ്ചരിച്ച ബൈക്ക് റോഡിലേക്ക് ചാഞ്ഞുനിന്ന മരത്തിൽ തട്ടിയതിനെതുടർന്ന് റോഡിലേക്ക് തെറിച്ചുവീഴുകയായിരുന്നു. റോഡിൽ തലയിടിച്ച് വീണ് രക്തം വാർന്നാണ് മരിച്ചത്.

അപകടം നടന്ന സ്ഥലം ഇരുട്ടുനിറഞ്ഞതും വിജനവുമായതിനാൽ അപകടമുണ്ടായത് ആരുടേയും ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. ഏകദേശം ഒരു മണിക്കൂറിനു ശേഷം അതുവഴി വന്ന പിക്കപ്പ് വാൻ ഡ്രൈവറാണ് അപകടമുണ്ടായ വിവരം നാട്ടുകാരെ അറിയിച്ചത്. ഉടൻതന്നെ ഹരിപ്പാട് ഗവ. ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ഉണ്ണികൃഷ്ണൻറെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. രണ്ടുദിവസം മുമ്പാണ് അബുദാബിയിൽ നിന്ന് നാട്ടിലെത്തിയത്. മൃതദേഹം വണ്ടാനം മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടം നടത്തിയശേഷം വീട്ടുവളപ്പിൽ സംസ്കരിച്ചു. ഭാര്യ: ഐശ്വര്യ. മകൾ: ശ്രീനിഖ (8മാസം). യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.എസ്. ഹരികൃഷ്ണൻ ജ്യേഷ്ഠ സഹോദരനാണ്.

## വൈകാരിക പ്രകടനങ്ങൾക്ക് മികച്ചത് മാതൃഭാഷ: ജില്ലാ കളക്ടർ

ആലപ്പുഴ: ആശയ പ്രകാശനത്തിനും വൈകാരിക പ്രകടനങ്ങൾക്കും ഏറ്റവും മികച്ചത് മാതൃഭാഷയെന്ന് ജില്ലാ കളക്ടർ ജോൺ വി. സാമുവൽ. സർക്കാരിൻറെ ആഭിമുഖ്യത്തിൽ ഭരണഭാഷാ വാരാഘോഷത്തിൻറെ ഭാഗമായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനവിതരണം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഇൻഫർമേഷൻ പബ്ലിക്ക് റിലേഷൻസ് വകുപ്പ് ജില്ലാ തലത്തിൽ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച കേരളീയം ഉപന്യാസരചന മത്സരവിജയികൾക്കുള്ള ഷെവലിയർ വി.സി. ആൻറണി മാസ്റ്റർ മെമ്മോറിയൽ കാഷ് പ്രൈസ്, മെമൻറെ, സർട്ടിഫിക്കറ്റ് എന്നിവ ചടങ്ങിൽ വിതരണം ചെയ്തു.

ഡെപ്യൂട്ടി കളക്ടർ (എൽഎ) മുഹമ്മദ് ഷാഫി അധ്യക്ഷത വഹിച്ചു. ഐപിആർഡി മേഖല ഡെപ്യൂട്ടി ഡയറക്ടർ ചന്ദ്രഹാസൻ വടുതല, ലിയോ തേർട്ടീന്ത് ഹയർ സെക്കൻഡറി സ്കൂൾ മാനേജർ ഫാ. ഫ്രാൻസിസ് കൊടിയനാട്, ഷെവലിയർ വി.സി. ആൻറണി സെൻറർ പ്രതിനിധി ജോസ് ആൻറണി തുടങ്ങിയവർ പങ്കെടുത്തു.

# മാങ്കുളം ഡിഎഫ്ഒ ഓഫീസിനു മുന്നിൽ അനിശ്ചിതകാല സമരം ആരംഭിച്ചു

മാങ്കുളം: ഡിഎഫ്ഒ ഓഫീസിനുമുന്നിൽ മാങ്കുളം ജനകീയ സമിതിയുടെ നേതൃത്വത്തിൽ അനിശ്ചിതകാല സത്യഗ്രഹ സമരം ആരംഭിച്ചു. വന്യമൃഗ ആക്രമണത്തിലും വനംവകുപ്പധികൃതരുടെ ധിക്കാരപരമായ നടപടിയിലും പ്രതിഷേധിച്ച് അതിജീവനത്തിനായി ഒരു ഗ്രാമം നടത്തുന്ന പോരാട്ടത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്.

സത്യഗ്രഹ സമരം മാങ്കുളം ജനകീയ സമിതി കൺവീനറും മാങ്കുളം പള്ളി വികാരിയുമായ ഫാ. മാത്യു കരോട്ട് കൊച്ചറയ്ക്കൽ ഉദ്ഘാടനം ചെയ്തു. സമിതി ഉന്നയിച്ച ആവശ്യങ്ങൾ അംഗീകരിക്കുംവരെ സമരത്തിൽനിന്ന് ഒരിഞ്ച് പിന്മാറില്ലെന്ന് അദ്ദേഹം പറഞ്ഞു. പഞ്ചായത്ത് പ്രസിഡൻറും രക്ഷാധികാരിയുമായ വിനീത സജീവൻ അധ്യക്ഷത വഹിച്ചു.

അതിജീവന പോരാട്ടവേദി വൈസ്ചെയർമാൻ പി.എം. ബേബി മുഖ്യപ്രഭാഷണം നടത്തി. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരംസമിതി ചെയർമാൻ പ്രവീൺ ജോസ്, സിപിഎം ഏരിയ കമ്മിറ്റിയംഗം എ.പി. സുനിൽ, കോൺഗ്രസ് മണ്ഡലം പ്രസിഡൻറ് സാജു കുന്നേൽ, ജോർജ് കൊല്ലറയ്ക്കൽ, ബിജു തൈക്കൂട്ടത്തിൽ, സന്തോഷ് വയലുംകര തുടങ്ങിയവർ പ്രസംഗിച്ചു.

പഞ്ചായത്ത് വൈസ് പ്രസിഡൻറ് വിപിൻ ജോസ് സ്വാഗതവും വിരിപ്പാറ വാർഡംഗം സൂസി ബിനു നന്ദിയും പറഞ്ഞു. പഞ്ചായത്തംഗങ്ങൾ, നൂറുകണക്കിനു നാട്ടുകാർ എന്നിവർ സമരത്തിൽ അണിചേർന്നു.

ഇന്നു നടക്കുന്ന സത്യഗ്രഹസമരത്തിന് ഒന്നാം വാർഡ് മെംബർ ഗീത ആനന്ദ് നേതൃത്വം നൽകും.

ജനപ്രതിനിധികളെ കൈയേറ്റം ചെയ്ത ഉദ്യോഗസ്ഥർക്കെതിരേ നടപടി സ്വീകരിക്കുക, കെഡിഎച്ച് ഭൂമിയിലെ വനംവകുപ്പിൻറെ അനാവശ്യ അവകാശവാദം അവസാനിപ്പിക്കുക, മലയോര ഹൈവേയുടെ അലൈൻമെൻറ് പുനസ്ഥാപിക്കുക, ആലുവമൂന്നാർ രാജപാത തുറന്നു കൊടുക്കുക, വന്യമൃഗങ്ങളെ വനത്തിനുള്ളിൽ സംരക്ഷിക്കുക, വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിത മാറ്റം വരുത്തുക, മാങ്കുളം ഡിഎഫ്ഒയെ സ്ഥലംമാറ്റുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് അനിശ്ചിത കാല സത്യഗ്രഹസമരം ആരംഭിച്ചിരിക്കുന്നത്.

# ഹില്ലി അക്വ കുപ്പിവെള്ളം വിദേശ വിപണിയിൽ: മന്ത്രി റോഷി

തൊടുപുഴ: സർക്കാരിൻറെ കുപ്പിവെള്ള ബ്രാൻഡായ ഹില്ലി അക്വയുടെ വിതരണം കേരളത്തിനു പുറത്തേക്ക് വ്യാപിപ്പിക്കുമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. തൊടുപുഴ മലങ്കരയിൽ സംസ്ഥാന സർക്കാരിൻറെ കുപ്പിവെള്ള കന്പനിയായ ഹില്ലി അക്വ ഫാക്ടറിയിൽ നവീകരിച്ച കവാടത്തിൻറെയും ഉത്പാദനം ആരംഭിക്കുന്ന 20, 5 ലിറ്റർ ജാറുകൾ പുറത്തിറക്കുന്നതിൻറെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മറ്റു സംസ്ഥാനങ്ങളിൽ അവിടത്തെ പരമാവധി വിൽപ്പനവില ഈടാക്കി വിതരണം നടത്താനാണ് തീരുമാനം. ഗൾഫ് ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ ഹില്ലി അക്വ ഉത്പന്നങ്ങളുടെ വിതരണത്തിനുള്ള നടപടിക്രമങ്ങളും ഉടൻ ഫലപ്രാപ്തിയിലെത്തും.

ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം സംസ്ഥാനത്ത് രാജ്യശരാശരിക്കും മുകളിലാണെന്ന് മന്ത്രി പറഞ്ഞു. പദ്ധതി ആരംഭിക്കുന്പോൾ സംസ്ഥാനത്ത് 22 ശതമാനം കുടുംബങ്ങളിലാണ് ശുദ്ധജലം എത്തിക്കാൻ സാധിച്ചിരുന്നതെങ്കിൽ ഇപ്പോൾ 52 ശതമാനം പിന്നിട്ടു. 30 ശതമാനം വർധനവുണ്ടാക്കാൻ സംസ്ഥാനത്തിനു കഴിഞ്ഞു. കഴിഞ്ഞ രണ്ടു വർഷത്തിൽ മാത്രം 18 ലക്ഷം കുടുംബങ്ങൾക്ക് കണക്ഷൻ നൽകി. വരുന്ന രണ്ടു വർഷത്തിൽ 38 ലക്ഷം കുടുംബങ്ങൾക്കുകൂടി കണക്ഷൻ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

കരിങ്കുന്നം പഞ്ചായത്ത് പ്രസിഡൻറ് കെ.കെ. തോമസ് അധ്യക്ഷത വഹിച്ചു. കെഐഐഡിസി സിഇഒ എസ്. തിലകൻ, ഹില്ലി അക്വ ജനറൽ മാനേജർ വി. സജി, പ്ലാൻറ് മാനേജർ ജൂബിൾ മാത്യു, ജിമ്മി മറ്റത്തിപ്പാറ, വി.ആർ. പ്രമോദ് എന്നിവർ പ്രസംഗിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കാഞ്ഞിരപ്പള്ളി മിനി ബൈപാസിൽ പ്രതീക്ഷ; ഗതാഗതക്കുരുക്കിനു പരിഹാരമാകും

കാഞ്ഞിരപ്പള്ളി: കാഞ്ഞിരപ്പള്ളിയിലെ പ്രധാന ബൈപാസ് നിർമാണം ആരംഭിച്ചതിനൊപ്പം മിനി ബൈപാസ് നടപടികളും പുരോഗമിക്കുന്നു. ഇതോടെ കാഞ്ഞിരപ്പള്ളിയിലെ ഗതാഗതക്കുരുക്കിനു ശാശ്വത പരിഹാരമാകും.

പ്രധാന ബൈപാസിൻറെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനു പിന്നാലെ പഞ്ചായത്ത് അവതരിപ്പിച്ച ബജറ്റിൽ നിർമാണം നിലച്ചുകിടന്ന മിനി ബൈപാസ് പദ്ധതിക്കു 25 ലക്ഷം രൂപ വകയിരുത്തിയതാണ് പ്രതീക്ഷയ്ക്ക് വകയേകുന്നത്.

2011ൽ പദ്ധതി തയാറാക്കി 2012ൽ നിർമാണം ആരംഭിച്ച മിനി ബൈപാസ് പദ്ധതിയാണ് പാതിവഴിയിൽ നിലച്ചത്. പേട്ടക്കവലയിൽ നിന്നാരംഭിച്ച് ചിറ്റാർ പുഴയോരത്തു കൂടി കുരിശുങ്കൽ ജംഗ്ഷനിലെത്തുന്നതാണ് നിർദിഷ്ട മിനി ബൈപാസ് പദ്ധതി. ഇതിനായി ചിറ്റാർ പുഴയുടെ ഒരു വശവും പുഴയോടു ചേർന്നുള്ള പുറമ്പോക്കും കെട്ടിയെടുത്ത ശേഷം പ്രവർത്തനങ്ങൾ നിലച്ചു. നിലവിൽ നിർദിഷ്ട പ്രദേശം കാടുകയറി മൂടിയ നിലയിലാണ്.

യുഡിഎഫ് ഭരണകാലത്ത് ആരംഭിച്ച നിർമാണത്തിൽ അഴിമതിയുണ്ടെന്ന് ആരോപിച്ച് സ്വകാര്യ വ്യക്തി നൽകിയ പരാതിയെത്തുടർന്നു വിജിലൻസ് നടത്തിയ അന്വേഷണത്തിൽ അഴിമതി നടന്നിട്ടില്ലെന്നാണ് കണ്ടെത്തിയത്. അന്വേഷണ റിപ്പോർട്ട് വന്നതിനു ശേഷവും പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല.തുടക്കത്തിൽ ലോക ബാങ്കിൻറെയും ധനകാര്യ കമ്മീഷൻറെയും ഫണ്ടുപയോഗിച്ചാണ് പണികൾ ആരംഭിച്ചത്. ആറു മീറ്റർ വീതിയിൽ 800 മീറ്ററോളം ദൂരമാണ് റോഡിനുള്ളത്.

എന്നാൽ പദ്ധതിക്കു പൂർണമായ രൂപരേഖ ഇല്ലാത്തതാണ് പദ്ധതി പാതിവഴിയിൽ നിലയ്ക്കാൻ കാരണമായത്. നടുഭാഗത്തുനിന്ന് ആരംഭിച്ച നിർമാണ പ്രവർത്തനങ്ങൾ ഇരുവശങ്ങളിൽ എവിടെയും എത്തിയിട്ടില്ല.

ബൈപാസിൻറെ ഇരുവശവും ദേശീയ പാതയിൽ പ്രവേശിക്കണമെങ്കിൽ കടമ്പകളേറെയുണ്ട്. പേട്ടക്കവലയിൽ ദേശീയ പാതയിൽ പ്രവേശിക്കണമെങ്കിൽ പഞ്ചായത്ത് വക കംഫർട്ട് സ്റ്റേഷൻ പൊളിച്ചുമാറ്റണം. മണിമല റോഡിൽ പ്രവേശിക്കണമെങ്കിൽ ചിറ്റാർ പുഴയ്ക്കു കുറുകേ പാലം നിർമിക്കണം.

പ്രധാന ബൈപാസിനായി പാലം നിർമിക്കുന്നതോടെ മിനി ബൈപാസിൻറെ ഒരു വശത്തെ പ്രശ്നത്തിനു പരിഹാരമാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. മിനി ബൈപാസ് യാഥാർഥ്യമായാൽ ഇതുവഴി ഒരു വശത്തേക്ക് ചെറുവാഹനങ്ങൾ കടത്തിവിടാനാകും.



കുടുംബശ്രീ 'ലഞ്ച് ബെൽ' പദ്ധതിയുടെ ഭാഗമായ ഭക്ഷണ വിതരണ വാഹനങ്ങൾ മന്ത്രി എം.ബി. രാജേഷ് ഫ്ലാഗ് ഓഫ് ചെയ്യുന്നു.

# ഒറ്റ ക്ലിക്കിൽ ഉച്ചഭക്ഷണം അരികിൽ: കുടുംബശ്രീയുടെ 'ലഞ്ച് ബെല്ലി'ന് തുടക്കം

ഒറ്റ ക്ലിക്കിൽ ഉച്ചഭക്ഷണം അരികിലെത്തുന്ന കുടുംബശ്രീയുടെ 'ലഞ്ച് ബെൽ' പദ്ധതിക്ക് തുടക്കമായി. ലഞ്ച് ബെല്ലിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിച്ചു. കുടുംബശ്രീയുടെ അടിസ്ഥാന ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാതെ പുതിയ സാധ്യതകളെകൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രവർത്തനത്തെ നവീകരിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

കാൽനൂറ്റാണ്ടിന് മുമ്പ് ദാരിദ്ര്യ നിർമാർജ്ജനം ലക്ഷ്യമിട്ടാണ് കുടുംബശ്രീ പ്രവർത്തനമാരംഭിച്ചത്. ഇന്ന് രാജ്യത്തിലെ ഏറ്റവും ദാരിദ്ര്യം കുറവുള്ള സംസ്ഥാനമായി കേരളം മാറി. ഈ സാഹചര്യത്തിലേക്ക് കേരളത്തെ മാറ്റുന്നതിന് കുടുംബശ്രീ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ഇനി വരുമാന വർധനവ് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് കൂടി കുടുംബശ്രീ കൂടുതൽ ഊന്നൽ നൽകണം. ഇതിനായി പുതിയ മേഖലകളിലെ സാധ്യതകൾ കണ്ടെത്തി പ്രവർത്തനങ്ങൾ വ്യാപിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കുടുംബശ്രീയുടെ ഏറ്റവും വലിയ കൈമുതൽ വിശ്വാസ്യതയാണ്. ആ വിശ്വാസ്യതയുള്ളതുകൊണ്ടാണ് ജനകീയ ഹോട്ടലുകളിലേക്ക് ആളുകൾ കൂടുതലെത്തുന്നത്. ആയിരത്തോളം ജനകീയ ഹോട്ടലുകൾ ജനകീയമായത് ഈ വിശ്വാസ്യത കാരണമാണ്. അങ്കമാലിയിൽ ആരംഭിച്ച കുടുംബശ്രീ പ്രീമിയം കഫേ നെറ്റ്‌വർക്കിന് നല്ല പ്രതികരണമാണ് കിട്ടിയത്. വിശ്വാസ്യത കാത്തുസൂക്ഷിച്ചുകൊണ്ട് ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് പ്രവർത്തിക്കാൻ കുടുംബശ്രീക്ക് സാധിക്കണമെന്ന് മന്ത്രി പറഞ്ഞു. ലഞ്ച് ബെൽ പദ്ധതിയുടെ ഭാഗമായി ഭക്ഷണം വിതരണം ചെയ്യുന്ന വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് മന്ത്രി നിർവഹിച്ചു.കുടുംബശ്രീയുടെ ഫുഡ് ഡെലിവറി ആപ്ലിക്കേഷൻ 'പോക്കറ്റ്മാർട്ട്' വഴിയാണ് ഭക്ഷണം ഓർഡർ ചെയ്യേണ്ടത്. ആപ്ലിക്കേഷൻ പ്ലേ സ്റ്റോറിൽ ലഭ്യമാണ്.

ആദ്യഘട്ടത്തിൽ തിരുവനന്തപുരം നഗരപ്രദേശത്തെ തിരഞ്ഞെടുത്ത സ്ഥലങ്ങളിലാണ് ലഞ്ച് ബെൽ നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റ്, നിയമസഭ, വികാസ് ഭവൻ, പബ്ളിക് ഓഫീസ് പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകൾ, ബാങ്കുകൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉച്ചയൂണ് എത്തിക്കും.

60 രൂപയ്ക്ക് ബജറ്റ് ലഞ്ചും നോൺ വെജ് വിഭവങ്ങൾ കൂടി ഉൾപ്പെട്ട 99 രൂപയുടെ പ്രീമിയം ലഞ്ചും ആപ്പിലൂടെ ഓർഡർ ചെയ്യാം. വിദഗ്ധ പരിശീലനം ലഭിച്ച യൂണിറ്റ് അംഗങ്ങളാണ് ഉച്ചഭക്ഷണം തയ്യാറാക്കുന്നതും വിതരണം ചെയ്യുന്നതും. ശ്രീകാര്യത്ത് പ്രത്യേകമായി സജ്ജീകരിക്കുന്ന അടുക്കളയിലാണ് ഭക്ഷണം തയ്യാറാക്കുന്നത്. ഹരിതചട്ടം പാലിക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് കണ്ടെയ്നറുകൾ ഒഴിവാക്കി സ്റ്റീൽ പാത്രങ്ങളിലാണ് ഊണ് വിതരണം ചെയ്യുക.

തിരുവനന്തപുരം കെ.ടി.ഡി.സി ഗ്രാൻഡ് ചൈത്രത്തിൽ നടന്ന ചടങ്ങിൽ ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ്കുമാർ മുഖ്യാതിഥിയായി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക്, ജില്ലാമിഷൻ കോർഡിനേറ്റർ രമേഷ് ജി, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം സ്മിത സുന്ദരേശൻ, ഷൈന എ., കെ.കെ സൈനബ, കെ.കെ ലതിക തുടങ്ങിയവർ പങ്കെടുത്തു.

# ചകിണിപ്പാലത്തിൻെറ സംരക്ഷണഭിത്തി പുനഃസ്ഥാപിക്കാൻ ഫണ്ടില്ല

പാലാ: ചകിണിപ്പാലത്തിൻറെ സംരക്ഷണഭിത്തി തകർന്നിട്ടു മാസങ്ങൾ കഴിഞ്ഞിട്ടും നിർമാണത്തിന് നടപടി വൈകുന്നു. ചേർപ്പുങ്കൽ ടൗണിന് അരകിലോമീറ്റർ സമീപം മുത്തോലികിടങ്ങൂർ പഞ്ചായത്തുകൾ അതിരിടുന്ന തോടിനു കുറുകെയുള്ള ചകിണിപ്പാലത്തിൻറെ സംരക്ഷണഭിത്തിയാണ് മാസങ്ങൾക്കു മുമ്പ് തകർന്നത്. സംരക്ഷണഭിത്തി നിർമിക്കുവാൻ പൊതുമരാമത്തുവകുപ്പ് പാലം വിഭാഗം എസ്റ്റിമേറ്റ് തയാറാക്കി 34 ലക്ഷം രൂപ വേണ്ടിവരുമെന്നു വിലയിരുത്തിയിരുന്നു. എന്നാൽ തുക അനുവദിക്കുവാൻ സർക്കാർ തലത്തിൽ നടപടികളില്ല. കഴിഞ്ഞ ബജറ്റിലും തുക അനുവദിച്ചില്ല. നാട്ടുകാർ മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും പലതവണ നിവേദനങ്ങൾ നൽകിയിരുന്നു.

ചേർപ്പുങ്കൽ ടൗണിലൂടെ കടന്നുപോകുന്ന പഴയ റോഡിലാണ് ചകിണിപ്പാലം. ബസ് ഉൾപ്പടെയുള്ള വലിയ വാഹനങ്ങൾ ഇതിലൂടെ പോകുന്നതു നിർത്തിവച്ചിരിക്കുകയാണ്. മുമ്പ് ഏറ്റുമാനൂർപൂഞ്ഞാർ സംസ്ഥാന പാതയിൽ ചിറയ്ക്കൽ പാലത്തിനു സമീപം പഴയ റോഡിലൂടെ ടൗണിലെത്തിയാണ് ബസുകൾ വൺവേ സമ്പ്രദായത്തിൽ ചകിണി പാലത്തിലൂടെ കടന്നുപോയി വീണ്ടും ഇൻഡ്യാർ ഫാക്ടറിക്ക് സമീപം സംസ്ഥാന പാതയിൽ പ്രവേശിച്ചിരുന്നത്. ചെറിയ വാഹനങ്ങളും ബൈപാസിലെ തിരക്കൊഴിവാക്കുവാൻ ഇതിലൂടെ പോകാറുണ്ടായിരുന്നു.

സംരക്ഷണഭിത്തി തകർന്നു ടൗണിലെ വൺവേ സമ്പ്രദായം അവതാളത്തിലായതോടെ എല്ലാ വാഹനങ്ങളും പുതിയ റോഡിലൂടെയാണ് കടന്നു പോകുന്നത്. ഇതു ബൈപാസ് റോഡിലെ തിരക്ക് വർധിപ്പിച്ചിരിക്കുകയാണ്. ഇതുമൂലം അപകടസാധ്യതയും വർധിച്ചു. ഗതാഗതക്കുരുക്കും രൂക്ഷമായി.

പതിറ്റാണ്ടുകൾ പഴക്കമുള്ളതാണ് ചകിണിപ്പാലവും സംരക്ഷണഭിത്തിയും. ചെറിയൊരു ഭാഗത്തെ സംരക്ഷണ ഭിത്തി തകർന്നതുമൂലം റോഡു തന്നെ ഉപയോഗരഹിതമായിരിക്കുന്ന സാഹചര്യമാണുള്ളതെന്നും തുക അനുവദിച്ച് സംരക്ഷണ ഭിത്തി നിർമിക്കുവാൻ നടപടി വേണമെന്നും വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡൻറ് ടോം വടാന ആവശ്യപ്പെട്ടു.

# മാലിന്യം തള്ളാൻ അനേകം പൈപ്പുകൾ; ശക്തമായ നടപടിക്ക് പഞ്ചായത്ത്

ഏറ്റുമാനൂർ: മുണ്ടകപ്പാടം തോടിനെ മാലിന്യവാഹിനിയാക്കുന്നതിൽ എല്ലാവരും മത്സരിക്കുന്നപോലെ. അതിരമ്പുഴ പഞ്ചായത്തിൻറെ മേൽനോട്ടത്തിൽ ഇന്നലെ നടത്തിയ പരിശോധനയിൽ കണ്ടതു ഞെട്ടിക്കുന്ന വസ്തുതകൾ. നാട്ടുകാരുടെ പരാതിയെത്തുടർന്ന് പരിശോധിച്ച മുഴുവൻ സ്ഥാപനങ്ങളിൽനിന്നും തോട്ടിലേക്ക് മാലിന്യമൊഴുക്കാൻ പൈപ്പുകൾ സ്ഥാപിച്ചിരിക്കുന്നതായി കണ്ടെത്തി.

അതിരൂക്ഷമായ മലിനീകരണത്തിന് വിധേയമായ മുണ്ടകപ്പാടം തോടിന് ഇരുവശങ്ങളിലായി താമസിക്കുന്നവർ സംഘടിച്ച് രംഗത്തെത്തിയതോടെയാണ് അതിരമ്പുഴ പഞ്ചായത്ത് അധികൃതർ നടപടിക്ക് തുടക്കംകുറിച്ചത്. കഴിഞ്ഞ ദിവസം പഞ്ചായത്ത് വിളിച്ചു ചേർത്ത പ്രദേശവാസികളുടെയും വിവിധ സ്ഥാപന ഉടമകളുടെയും വിപുലമായ യോഗത്തിൻറെ തീരുമാനപ്രകാരമായിരുന്നു ഇന്നലത്തെ പരിശോധന.

രാവിലെ പത്തിന് ആരംഭിച്ച പരിശോധന ഉച്ചകഴിഞ്ഞ് മൂന്നു വരെ നീണ്ടു. പരിശോധന പൂർണമായിട്ടില്ല. എംസി റോഡിന് കിഴക്കുവശത്തുള്ള സ്ഥാപനത്തിൽ നിന്ന് റോഡിനു കുറുകെ പിഡബ്ല്യുഡി ഓടയിലേക്ക് മലിനജലമൊഴുക്കാൻ പൈപ്പ് ഇട്ടിരിക്കുന്നതും ഓൾഡ് എംസി റോഡിലെ ഓടയിൽ പൈപ്പ് സ്ഥാപിച്ച് കോൺക്രീറ്റ് ചെയ്ത് മറച്ചിരിക്കുന്നതും കണ്ടെത്തിയതായി മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതർ പറഞ്ഞു.

പരിശോധിച്ച സ്ഥാപനങ്ങളിൽ നിന്നെല്ലാം മുണ്ടകപ്പാടം തോട്ടിലേക്ക് മാലിന്യമൊഴുക്കുന്നുണ്ട്. ശുചിമുറി മാലിന്യവും രാസമാലിന്യങ്ങളും ഉൾപ്പെടെ ഒഴുക്കുന്നതായി പരാതിപ്പെട്ട നാട്ടുകാർ മലിനീകരണത്തിൻറെ വ്യാപ്തി കണ്ട് ഞെട്ടി.

# പദ്ധതി ആവിഷ്കാരവും വിജയകരമായ നടത്തിപ്പും തദ്ദേശ സ്ഥാപനങ്ങളുടെ മേന്മ: മന്ത്രി വാസവൻ

കോട്ടയം: പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം വിജയകരമായി നടപ്പാക്കുകയും ചെയ്യുന്നതാണു ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേന്മയെന്ന് മന്ത്രി വി.എൻ. വാസവൻ. 2023 24 വർഷം മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ കരസ്ഥമാക്കിയ തദ്ദേശ ഭരണ സ്ഥാപനങ്ങളെ അനുമോദിക്കാനായി ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് കെ.വി. ബിന്ദു അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ വി.വിഗ്നേശ്വരി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ജോസ് പുത്തൻകാല, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്സ് അസോസിയേഷൻ പ്രസിഡൻറ് പി.വി. സുനിൽ, പഞ്ചായത്ത് പ്രസിഡൻറ്സ് അസോസിയേഷൻ പ്രസിഡൻറ് അജയൻ കെ. മേനോൻ, ഡി.പി.സി അംഗങ്ങളായ മഞ്ജു സുജിത്ത്, പി.ആർ. അനുപമ, പി.എം. മാത്യു, സുധാ കുര്യൻ, ഇ.എസ്. ബിജു, ജില്ലാ പ്ലാനിംഗ് ഓഫീസർ ലിറ്റി മാത്യു, അസിസ്റ്റൻറ് ജില്ലാ പ്ലാനിംഗ് ഓഫീസർ പി.എ. അമാനത്ത്, തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.

സംസ്ഥാന തലത്തിൽ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കിയ വൈക്കം ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് കെ.കെ. രഞ്ജിത്തും സെക്രട്ടറി കെ. ശ്രീകലയും ചേർന്ന് മന്ത്രി വി.എൻ. വാസവനിൽനിന്ന് ഏറ്റുവാങ്ങി. സംസ്ഥാന തലത്തിൽ മികച്ച പഞ്ചായത്തിനുള്ള മൂന്നാം സ്ഥാനം കരസ്ഥമാക്കിയ മരങ്ങാട്ടുപിള്ളി പഞ്ചായത്തിനുള്ള പുരസ്കാരം പഞ്ചായത്ത് പ്രസിഡൻറ് ബെൽജി ഇമ്മാനുവലും സെക്രട്ടറി ശ്രീകുമാർ എസ്. കൈമളും ചേർന്ന് ഏറ്റുവാങ്ങി.

ജില്ലാ തലത്തിൽ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം നേടിയ തിരുവാർപ്പ് പഞ്ചായത്തിനുവേണ്ടി പഞ്ചായത്ത് പ്രസിഡൻറ് അജയൻ കെ. മേനോനും സെക്രട്ടറി ടി.ആർ. രാജശ്രീയും രണ്ടാം സ്ഥാനം നേടിയ വെളിയന്നൂർ പഞ്ചായത്തിനു വേണ്ടി പഞ്ചായത്ത് പ്രസിഡൻറ് സജേഷ് ശശിയും സെക്രട്ടറി ടി. ജിജിയും പുരസ്കാരം ഏറ്റുവാങ്ങി. സംസ്ഥാന തലത്തിൽ മഹാത്മാ അയ്യങ്കാളി പുരസ്കാരം രണ്ടാം സ്ഥാനം നേടിയ വൈക്കം നഗരസഭയ്ക്ക് വേണ്ടി നരസഭാധ്യക്ഷ പ്രീത രാജേഷും സെക്രട്ടറി സൗമ്യ ഗോപാലകൃഷ്ണനും പുരസ്കാരം ഏറ്റുവാങ്ങി.

ജില്ലാ തലത്തിൽ മികച്ച പഞ്ചായത്തിനുള്ള മഹാത്മാ പുരസ്കാരം ഒന്നാം സ്ഥാനം നേടിയ മറവൻതുരുത്ത് പഞ്ചായത്തിനുവേണ്ടി പഞ്ചായത്ത് പ്രസിഡൻറ് പി. പ്രീതിയും സെക്രട്ടറി കെ.സുരേഷ് കുമാറും രണ്ടാം സ്ഥാനം നേടിയ തലയാഴം പഞ്ചായത്തിനുവേണ്ടി പഞ്ചായത്ത് പ്രസിഡൻറ് ഷൈമി വിജയനും അസിസ്റ്റൻറ് സെക്രട്ടറി കെ.എസ്. പ്രവീൺ കുമാറും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

# വായ്പൂര് തുന്പൂർ അങ്കണവാടി കെട്ടിടം ഉദ്ഘാടനം ചെയ്തു

ചുങ്കപ്പാറ: കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് അടിത്തറയിടുന്ന ഇടമാണ് അങ്കണവാടികളെന്നു മന്ത്രി വീണാ ജോർജ്. കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിലെ വായ്പൂര് തുമ്പൂർ 99ാം നമ്പർ അങ്കണവാടി കെട്ടിടത്തിൻറെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മന്ത്രി.

അങ്കണവാടിക്ക് സ്ഥലം വിട്ടു നൽകിയ ടി.കെ. പുരുഷോത്തമനെ മന്ത്രി ആദരിച്ചു. ത്രിതല പഞ്ചായത്ത് സംയുക്തമായി ഫണ്ട് ലഭ്യമാക്കിയാണ് അങ്കണവാടി പുതിയ കെട്ടിടത്തിൻറെ പണി പൂർത്തീകരിച്ചത്.

പ്രമോദ് നാരായൺ എംഎൽഎ അധ്യക്ഷത വഹിച്ചു. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബിന്ദു ചന്ദ്രമോഹൻ, ജില്ലാ പഞ്ചായത്തംഗം രാജി പി. രാജപ്പൻ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ബിനു ജോസഫ്, ജില്ലാ വനിതാ ശിശുവികസന ഓഫീസർ യു. അബ്ദുൾ ബാരി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബിനു വർ

# സെർവർ ഓവർലോഡ് ഒഴിവാക്കാൻ റേഷൻകടകളുടെ പ്രവർത്തന സമയം ക്രമീകരിച്ചു

സെർവർ ഓവർലോഡ് ഒഴിവാക്കുന്നതിനും റേഷൻ വിതരണം ത്വരിതപ്പെടുത്തുന്നതിനും റേഷൻ കടകളുടെ പ്രവർത്തന സമയം മാർച്ച് 5 മുതൽ 9 വരെ ക്രമീകരിച്ചു. ഏഴു ജില്ലകളിൽ രാവിലെയും മറ്റ് ഏഴ് ജില്ലകളിൽ ഉച്ചയ്ക്ക് ശേഷവുമായാണ് ക്രമീകരിച്ചത്. ഈ ദിവസങ്ങളിൽ മസ്റ്ററിങ്ങും റേഷൻ വിതരണവും ഒരേസമയം നടക്കും. രാവിലെ എട്ട് മുതൽ ഒരു മണി വരെയും ഉച്ചയ്ക്ക് 2 മുതൽ 7 വരെയുമാണ് പ്രവർത്തിക്കുക. ശിവരാത്രി ദിനമായ 8 ന് റേഷൻ കടകൾക്ക് അവധിയായിരിക്കും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ 5 മുതൽ 7 വരെ രാവിലെയും 6 മുതൽ 9 വരെ ഉച്ചയ്ക്കുശേഷവുമാണ് പ്രവർത്തിക്കുക. മറ്റുജില്ലകളിൽ 6 മുതൽ 9 വരെ രാവിലെയും 5 മുതൽ 7 വരെ ഉച്ചയ്ക്കുശേഷവും പ്രവർത്തിക്കും.

# വനിതാ കമ്മിഷന്റെ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറി

പബ്ലിക് ഹിയറിംഗ്, പട്ടികവർഗ മേഖലാ ക്യാമ്പ്, തീരദേശ ക്യാമ്പ് എന്നീ മൂന്നു സുപ്രധാന പരിപാടികളുടെ ഭാഗമായി വിവിധ തുറകളിലെ സ്ത്രീകളെ നേരിട്ടു കണ്ട് പ്രശ്നങ്ങൾ പഠിച്ച് പരിഹാര നിർദേശങ്ങൾ സഹിതം കേരള വനിതാ കമ്മിഷൻ തയാറാക്കിയ റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

മുഖ്യമന്ത്രിയുടെ ഓഫീസിലെത്തി വനിതാ കമ്മിഷൻ ചെയർപേഴ്സൺ അഡ്വ. പി. സതീദേവി, മെമ്പർമാരായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, വി.ആർ. മഹിളാമണി, അഡ്വ. പി. കുഞ്ഞായിഷ, മെമ്പർ സെക്രട്ടറി സോണിയാ വാഷിംഗ്ടൺ, പ്രോജക്ട് ഓഫീസർ എൻ. ദിവ്യ എന്നിവർ അടങ്ങുന്ന സംഘമാണ് റിപ്പോർട്ട് സമർപ്പിച്ചത്.

ഓരോ മേഖലകളിലുമുള്ള സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ അവരിൽ നിന്ന് നേരിട്ടു മനസിലാക്കുന്നതിനായി ഈ സാമ്പത്തികവർഷം 11 പബ്ലിക് ഹിയറിംഗുകൾ വനിതാ കമ്മിഷൻ സംഘടിപ്പിച്ചു. പട്ടികവർഗ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി 11 ജില്ലകളിലായി പട്ടികവർഗ മേഖലാ ക്യാമ്പുകളും തീരദേശ മേഖലയിലെ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കുന്നതിന് ഒൻപത് പ്രത്യേക ക്യാമ്പുകളും സംഘടിപ്പിച്ചു.



മുഖ്യ വിവരാവകാശ കമ്മീഷണറായി ചുമതലയേൽക്കുന്ന ഹരി വി. നായർക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യവാചകം ചൊല്ലിക്കൊടുക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ സമീപം